**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**

**തീയതി. 31. 07. 2023**

## "കൈക്കൂലി വാങ്ങവേ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും, ഇടനിലക്കാരനും വിജിലൻസ് പിടിയിലായി."

മോട്ടോർ വാഹന വകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ തൃപ്രയാർ സബ് ആർ. ടി. ഒ. ഓഫീസിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സി. എസ്. ജോർജ്ജിനെയും, ഇടനിലക്കാരൻ അഷ്റഫിനെയും 5,000/- രൂപ കൈക്കൂലി വാങ്ങവെ ഇന്ന് (31/07/2023) തൃശ്ശൂർ വിജിലൻസ് പിടികൂടി.

വാടനാപ്പള്ളി സ്വദേശിയായ പരാതിക്കാരൻ വാഹന പുക പരിശീലന കേന്ദ്രം തുടങ്ങുന്നതിന് ഈ മാസം പതിനാലാം തിയതി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സി. എസ്സ്. ജോർജ്ജിനെ സമീപിച്ചപ്പോൾ, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടറും ഇടനിലക്കാരനുമായ അഷറഫിനെ കാണാൻ അറിയിച്ചു. തുടർന്ന് ഈ മാസം ഇരുപത്തിനാലാം തിയതി ഇടനിലക്കാരൻ അഷറഫിനെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർക്ക് കൈക്കൂലി ആയി 5,000/- രൂപ നൽകണമെന്ന് പറയുകയും, തുടർന്ന് പരാതിക്കാരൻ ഈ വിവരം തൃശൂർ വിജിലൻസ് യൂണിറ്റ് ഡി. വൈ. എസ്. പി. ശ്രീ ജിം പോൾ സി. ജി. യെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (31/07/2023) രാവിലെ 10:00 മണിയോടെ തൃശ്ശൂർ തൃപ്രയാർ സബ് ആർ. ടി. ഓഫീസിന്റെ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന കീഴ് പ്പള്ളിക്കരയിലുള്ള ഗ്രൗണ്ടിൽ വച്ച് ഇടനിലക്കാരൻ അഷ്റഫ് പണം വാങ്ങുന്ന സമയം സമീപത്തുണ്ടായിരുന്ന വിജിലൻസ് സംഘം ഇരുവരെയും കയ്യോടെ പിടികൂടുകയാണ് ഉണ്ടായത്. പ്രതികളെ തൃശൂർ വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി. വൈ. എസ്. പി. യെ കൂടാതെ ഇൻസ്പെക്ടർ ശ്രീ. പ്രദീപ് കുമാർ, സബ് ഇൻസ്പെക്ടർമാരായ ശ്രീ പീറ്റർ. പി. ഐ, ശ്രീ. ജയകുമാർ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ബൈജു, സിവിൽ പോലീസ് ഓഫീസർമാരായ വിബീഷ്, ഷൈജു സോമൻ, രഞ്ജിത്ത്, അരുൺ, സിബിൻ, എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.